# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 128

2.07.2015-ൽ മറുപടിക്ക്

## തെരുവുനായ ശല്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എൻ.എ. ഖാദർ<br>,, പി.കെ. ബഷീർ<br>,, എൻ.എ. നെല്ലിക്കുന്ന്.<br>,, റ്റി.എ. അഹമ്മദ് കബീർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും, ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) തെരുവുനായ ശല്യം അനുദിനം രൂക്ഷമായി വരുന്ന സാഹചര്യത്തിൽ പ്രശ്ന പരിഹാരത്തിനായി ആക്ഷൻ പ്ലാൻ പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) തെരുവ്നായ ശല്യം നിയന്ത്രിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ വരുന്നതാണ്. തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തി പേവിഷ പ്രതിരോധ കുത്തി വെയ്പ് നൽകുന്ന പദ്ധതിയാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. തിരുവനന്തപുരം നഗരത്തിൽ തെരുവ് നായ നിയന്ത്രണത്തിനായി കെ.എസ്.യു.ഡി.പി.യുടെ ആഭി-മുഖ്യത്തിൽ നഗരകാര്യ വകുപ്പും മൃഗസംരക്ഷണ വകുപ്പും ശ്രീ. സത്യസായി ഓർഫനേജ് ട്രസ്റ്റും സംയുക്തമായി നടപ്പാക്കിയ എ.ബി.സി.-എ.ആർ. പദ്ധതി ഫലപ്രദമായിട്ടുണ്ട്. |
| (ബി) വീടുകളിൽ നിന്നും തട്ടുകടകളുൾ-പ്പെടെയുള്ള ഭക്ഷ്യ വിപണന കേന്ദ്രങ്ങളിൽ നിന്നുമുള്ള ഭക്ഷണാവശിഷ്ടങ്ങളുടെ ലഭ്യത തെരുവോരങ്ങളിലും പൊതു സ്ഥലങ്ങളിലും വർദ്ധിച്ചതാണ് തെരുവ് നായ്ക്കളുടെ എണ്ണത്തിലുണ്ടാവുന്ന വർദ്ധനയ്ക്ക് കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) വീടുകളിൽ നിന്നും തട്ടുകടകളിൽ നിന്നുമുള്ള ഭക്ഷണാവശിഷ്ടങ്ങൾ തെരുവോരങ്ങളിൽ ഉപേക്ഷിക്കുന്ന പ്രവണത തെരുവ് നായ്ക്കളുടെ വർദ്ധനവിന് കാരണമായിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | തെരുവ് നായ നിയന്ത്രണവും ഭക്ഷണാവശിഷ്ടങ്ങളുടെ കാര്യക്ഷമമായ നിർമ്മാർജ്ജനവും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിക്കുമോ? | (സി) തെരുവുനായ്ക്കൾ സൃഷ്ടിക്കുന്ന ഭീഷണികൾ നേരിടുന്നതിലേക്കായി വിവിധ വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭക്ഷണാവശിഷ്ടങ്ങളുടെയും മറ്റ് മാലിന്യങ്ങളുടെയും നിർമ്മാർജ്ജനം നടത്തപ്പെടുകയും മാലിന്യ സംസ്ക്കരണത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം നടത്തുന്നതിനുള്ള നടപടികൾ കാര്യക്ഷമമായി നടന്നു വരുന്നു. കൂടാതെ താലൂക്ക് അടിസ്ഥാനത്തിൽ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ